**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം –കളമശ്ശേരി നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീ.കെ. കെ. രാജന്റെ മുൻകാല സർവ്വീസ് പരിഗണിച്ച് ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 3151/2016/തസ്വഭവ          തീയതി, തിരുവനന്തപുരം, 21.11.2016

---

പരാമർശം :

1. 13/04/1987 ലെ ജി.ഒ.(എം.എസ്) നം .162/87/ തസ്വഭവ
2. 07/06/89 ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ
3. 12/9/06 ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ
4. ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.01.2016 തീയതിയിലെ റ്റി.എ.നം.1177/2013 ലെ വിധിന്യായം
5. 18.03.2016 ലെ ശ്രീ. കെ. കെ. രാജന്റെ അപേക്ഷ.
6. നഗരകാര്യഡയറക്ടറുടെ 03.09.2016 തീയതിയിലെ ഇ 3-9819/2016 നം. കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ കളമശ്ശേരി നഗരസഭയിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. കെ.കെ.രാജൻ 21.04.1998 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ ചേരുന്നതിന് മുമ്പ് കേരളാ വനംവകുപ്പിൽ വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ച 14.01.1992 മുതൽ 20.04.1998 വരെയുള്ള കാലയളവിലെ സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന റ്റി.എ.നം.1177/2013 ന്മേലുള്ള പരാമർശം (4) ലെ വിധിന്യായപ്രകാരം, സർക്കാർ, ശ്രീ. കെ.കെ.രാജന്റെ അപേക്ഷ പരിശോധിച്ച് സമയബന്ധിതമായി തീരുമാനമുണ്ടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ. കെ.കെ.രാജൻ പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ

കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

3. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു നൽകുന്നതിന് വ്യവസ്ഥയുള്ള പരാമർശം (1) ലെ ഉത്തരവിന്റെ പ്രാബല്യം 31/03/1984 നും 11/09/2006 നും മദ്ധ്യേ ആയതിനാലും ശ്രീ. കെ.കെ.രാജൻ 21.04.1998 ൽ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിച്ചതിനാലും, ടിയാന്റെ കേരളാ വനംവകുപ്പിലെ വാച്ച്മാൻ തസ്തികയിലെ 14.01.1992 മുതൽ 20.04.1998 വരെയുള്ള കാലയളവിലെ റഗുലർ സർവ്വീസ് കണക്കിലെടുത്ത് ടിയാന് ശമ്പളം പരിരക്ഷിച്ച് നൽകി ഉത്തരവാകുന്നു.

4. ബഹു:കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ.നം.1177/2013 ലെ 20.01.2016 ലെ വിധിന്യായത്തിലെ നിർദ്ദേശം മേല്പറഞ്ഞപ്രകാരം ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൽകലാം.എം**
അണ്ടർ സെക്രട്ടറി,

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം .(ശ്രീ. കെ. കെ. രാജന്റെ സേവനപുസ്തകവും ഉൾപ്പെടെ)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് , തിരുവനന്തപുരം.

സെക്രട്ടറി, കളമശ്ശേരി നഗരസഭ.

ശ്രീ. കെ. കെ. രാജൻ, സീനിയർ ക്ലാർക്ക് (Retd), കളമശ്ശേരി നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന ).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി. ).

ധനകാര്യ വകുപ്പ് ( 28/10/2016 ലെ നമ്പർ DEV-1/ 324/2016/Fin പ്രകാരം )

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ